## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2029

07.12.2015-ൽ മറുപടിയ്ക്ക്

### വാഹനങ്ങളുടെ സമയക്രമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത്, തിരക്കേറിയ രാവിലെയും വൈകുന്നേരങ്ങളിലും അപകടകരമാംവിധം നിർമ്മാണസാമഗ്രികൾ വാഹനങ്ങളിൽ കൊണ്ടുപോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;<br><br>(ബി) ഉണ്ടെങ്കിൽ പ്രസ്തുത വാഹനങ്ങളുടെ സമയക്രമത്തിൽ മാറ്റം വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;<br><br>(സി) ഇക്കാര്യത്തിൽ നിലവിലുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (എ), (ബി) & (സി) തിരക്കേറിയ സമയങ്ങളിൽ മണൽ, മെറ്റൽ, ഇരുമ്പുകമ്പി എന്നിവ വഹിച്ചു കൊണ്ട് ചരക്കു വാഹനങ്ങൾ സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ഇതുമൂലമുള്ള ബുദ്ധിമുട്ടുകൾ നിയന്ത്രിക്കുന്നതിനായി രാവിലെ 9 മണി മുതൽ 10 മണി വരെയും, വൈകുന്നേരം 4 മണി മുതൽ 5 മണി വരെയും ടിപ്പർ ലോറികളുടെ പൊതു നിരത്തുകളിലൂടെയുള്ള ഗതാഗതം നിരോധിച്ചിട്ടുണ്ട്. ഇതോടൊപ്പം പെട്രോളിയം ഉത്പന്നങ്ങൾ വഹിച്ചു കൊണ്ട് പോകുന്ന വാഹനങ്ങൾക്ക് കോർപ്പറേഷൻ, മുൻസിപ്പാലിറ്റി മേഖലകളിൽ രാവിലെ 8 മണി മുതൽ 11 മണി വരെയും, വൈകുന്നേരം 4 മണി മുതൽ 6 മണി വരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ